റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ബഹുമാനപ്പെട്ട മെമ്പർമാർ പലരും ഇവിടെ സൂചിപ്പിച്ചതുപോലെ ഭരണഘടനയുടെ പതിനാല്, പത്തൊൻപത്, ഡയറക്ടീവ് പ്രിൻസിപ്പിൾസിന്റെ മുപ്പത്തിഒൻപത് എന്നീ വകുപ്പുകൾക്ക് ഈ ബില്ലിലെ വ്യവസ്ഥകൾ എതിരല്ല. 1978-ലെ നിയമം ഡൊമസ്റ്റിക് ഏരിയായുടെ പർവ്യൂവിൽ വരികയില്ലായിരുന്നു. ഇപ്പോൾ ഈ ബില്ലിൽ ഡൊമസ്റ്റിക് ഏരിയാ കൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് ഈ നിയമനിർമ്മാണം നടത്തുന്നത്. അതും ഇതും തമ്മിൽ വ്യത്യാസമുണ്ട്. 1978-ലെ നിയമത്തിൽ സ്കീം നോട്ടിഫൈ ചെയ്യുന്നു, തൊഴിലാളികൾക്ക് വേണ്ടിയുള്ള ചില സ്കീമുകൾ നോട്ടിഫൈ ചെയ്താൽ ആ നോട്ടിഫൈഡ് ഏരിയാകളിലെ നോൺ-ഡൊമസ്റ്റിക് ഏരിയാകളിലേക്ക് ഈ നിയമം ബാധകമാക്കാൻ ഉദ്ദേശിക്കുന്നില്ല. അങ്ങനെ ഏതെങ്കിലും ഒരു വാക്ക് ഉണ്ടെങ്കിൽ സബ്ജക്റ്റ് കമ്മിറ്റി ചർച്ചാ വേളയിൽ അങ്ങനെയുള്ള വാക്കുകൾ മാററാം. സ്കീം നോട്ടിഫൈ ചെയ്തിട്ടുള്ള ഏരിയായിലെ നോൺ-ഡൊമസ്റ്റിക്, അതാണ് 1978-ലെ നിയമം. ആ നോൺ-ഡൊമസ്റ്റിക് ഏരിയായിലേക്ക് ഈ നിയമം കടത്തിവിടാൻ ഉദ്ദേശിക്കുന്നില്ല. അതുകൊണ്ട് ഇതിനകത്ത് ഒബ്ജക്ഷൻ ഉന്നയിക്കേണ്ടതായി ഒന്നുമില്ല.

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ അല്ലെങ്കിലുമില്ല. ശ്രീ. ബാബു ദിവാകരന് എന്തെങ്കിലും പറയാനുണ്ടോ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി പറഞ്ഞതിന് അനുബന്ധമായി ഒരു കാര്യം കൂടി കൂട്ടിച്ചേർക്കുകയാണ്. 1978-ലെ നിയമം ഏതെങ്കിലുമൊരു എസ്റ്റാബ്ലിഷ്മെന്റുമായി ബന്ധപ്പെട്ട ചുമട്ടുതൊഴിലാളികളെ ബാധിക്കുന്ന നിയമമാണ്. ഈ നിയമം കയററിറക്കിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരു സാധാരണ തൊഴിലാളിയെയും ബാധിക്കുന്ന ഒരു നിയമമാണ്. ഇതാണ് അതിന്റെ കാതലായ വശം. അതുകൊണ്ടുതന്നെ ഒരു മേഖലയിൽ തന്നെ ഒന്നിലധികം നിയമങ്ങൾ നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നുണ്ട്. നിലനിൽക്കുന്നതിന് നിയമപരമായി ഒരു തടസ്സവും ഇല്ല.......(ബഹളം)........

മി. സ്പീക്കർ: Please resume your seat. The Minister is on his legs. You please resume your seat. Yes........Yes........

ശ്രീ. ബാബു ദിവാകരൻ: ഇവിടെ പറഞ്ഞ മററു തർക്കങ്ങളൊന്നും നിലനിൽക്കുന്നതല്ല......... ..(ബഹളം)..........

## (b) റൂളിംഗ്

മി. സ്പീക്കർ: ഇവിടെ ഉന്നയിച്ച ഒരു പോയിന്റ് ഓഫ് ഓർഡറും ഓർഡറിൽ അല്ല. So you may introduce the bill.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): 2002-ലെ കേരള കയററിറക്ക് (ബലാൽക്കാരമായതോ ഭീഷണിപ്പെടുത്തിയുള്ളതോ മററ് നിയമവിരുദ്ധമായതോ ആയ പ്രവർത്തനങ്ങൾ നിരോധിക്കൽ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Page 2 of 3

ശ്രീ. ബാബു ദിവാകരൻ: 2002-ലെ കേരള കയററിറക്ക് (ബലാൽക്കാരമായതോ ഭീഷണിപ്പെടുത്തിയുള്ളതോ മററ് നിയമ വിരുദ്ധമായതോ ആയ പ്രവർത്തനങ്ങൾ നിരോധിക്കൽ) ബിൽ ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിററിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഇൻഫർമേഷനും പാർലമെൻററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

............(ബഹളം)............

ശ്രീ. ബാബു ദിവാകരൻ: സമൂഹത്തിലെ ഏററവും കഠിനാദ്ധ്വാനവും കായികാദ്ധ്വാനവും വേണ്ട ജോലി ചെയ്ത് ജീവിക്കുന്ന ഒരു തൊഴിലാളി വിഭാഗമാണ് ചുമട്ടുതൊഴിലാളികൾ. നമ്മുടെ തൊഴിൽ മേഖലയിൽ ചുമട്ടു തൊഴിലാളികളെക്കുറിച്ച് അറിയാവുന്നതും ഇവിടെ സംസാരിച്ച ആരെക്കാളും കൂടുതൽ ചുമട്ടുതൊഴിലാളികളെ സംഘടിപ്പിക്കുന്നതിനും അവർക്ക് നേതൃത്വം നൽകുന്നതിനും ഒട്ടും പിന്നിലല്ലാത്ത സ്ഥാനം എനിക്കുമുണ്ട്.

..............(ബഹളം)..............

മി. സ്പീക്കർ: What is this Mr. Balan? You can raise your point. But you should not............നിങ്ങൾക്ക് അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ പറയാം, നിങ്ങളുടെ വികാരങ്ങളും...........കൂടുതലാണെങ്കിൽ അതും പ്രകടിപ്പിക്കാം. അതിനപ്പുറം നിങ്ങൾ പോകരുത്. ഇപ്പോൾ നിങ്ങൾക്ക് പറയാനുള്ളതെല്ലാം പറയാൻ അവസരം തന്നു, അതിന് മറുപടിയും തന്നു, അതിന് റൂളിംഗും നൽകി. ഇനി മിനിസ്ററർ സംസാരിച്ചതിനു ശേഷം നിങ്ങൾക്ക് പ്രസംഗിക്കാം. അതിനുതന്നെ ഇപ്പോൾ സാധാരണ ഗതിയിൽ ഇത്ര മണിക്കൂറെന്നു വച്ചിട്ട് അതിനിടയിൽത്തന്നെ ചർച്ച തീർക്കുന്നതിനുള്ള പ്രവണതയാണ്. അതും ഇല്ലാതെ ഇന്നോ അല്ലെങ്കിൽ ഇനി ഒരു ദിവസം കൂടിയോ നിങ്ങൾക്ക് പറയാനുള്ളതെല്ലാം പറയാനുള്ള സാവകാശം തരണമെന്നുള്ളതാണ് ചെയറിൻെറ ആഗ്രഹം. അതെല്ലാം ഞാൻ നേരത്തേ പറഞ്ഞു. ഇന്ന് തീരുന്നില്ലായെങ്കിൽ മറെറാരു ദിവസം കൂടി ചർച്ച ചെയ്യും. നിങ്ങൾക്ക് പറയാനുള്ളതെല്ലാം അപ്പോൾ പറയാം. അതുമല്ലെങ്കിൽ നിങ്ങൾക്ക് മീഡിയായിൽ പ്രസിദ്ധീകരണങ്ങൾക്ക് അവസരം കിട്ടും. അഭിപ്രായം പ്രകടിപ്പിക്കാനുള്ള സന്ദർഭമുണ്ട്. നിങ്ങൾ ഇപ്പോൾ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട നിയമമന്ത്രി കെ. എം. മാണി ഇവിടെ പറഞ്ഞത് ഇത് എല്ലാ മേഖലയിലും ബാധകമല്ല, ചില മേഖലയ്ക്കേയുള്ളൂവെന്നാണ്. ബഹുമാനപ്പെട്ട ബാബു ദിവാകരൻ ഇതിന് വ്യത്യസ്തമായിട്ട് പറഞ്ഞു. ഒരേ മന്ത്രിസഭയിലെ രണ്ടു മന്ത്രിമാർ രണ്ട് വിധത്തിൽ പറഞ്ഞു.................(ബഹളം)..................

മി. സ്പീക്കർ: Mr. Neelalohithadasan Nadar, you resume your seat. Don't exceed your limit.

ഡോ. തോമസ് ഐസക്: സർ, അങ്ങയുടെ റൂളിംഗ് അനുസരിക്കാൻ ഞങ്ങൾ ബാദ്ധ്യസ്ഥരാണ്, തയ്യാറാണ്. പക്ഷെ ആ റൂളിംഗിൽ അങ്ങ് നൽകിയ വിശദീകരണം എനിക്കും മനസ്സിലായിട്ടില്ല; ഇവിടെ ഇരിക്കുന്ന ആർക്കും മനസ്സിലായിട്ടില്ല. റിപ്പീൽ ക്ലാസ്......................



LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ചിലർക്കൊക്കെ അത് മനസ്സിലായിട്ടുണ്ട്. ഇത് രണ്ടും രണ്ട് നിയമം ആണ്. അങ്ങനെയാണെന്നാണ് മിനിസ്റ്റർ പറയുന്നത്. ഇതിന് റിപ്പീൽ ക്ലാസ് എന്തിനാണ്?

## നിയമനിർമ്മാണകാര്യം—(തുടർച്ച)

ശ്രീ. ബാബു ദിവാകരൻ: കേരളത്തിലെ ചുമട്ടുതൊഴിലാളികളെ സംബന്ധിച്ചിടത്തോളം എല്ലാവർക്കുമറിയാം അവർക്ക് ഈ സമൂഹത്തിലെ ഏററവും അവിഭാജ്യമായ ഒരു തൊഴിലാളി ഘടകമെന്ന നിലയിൽ കഠിനാദ്ധ്വാനം ചെയ്തു ജീവിക്കാൻ നിർബന്ധിതമായിട്ടുള്ള സാഹചര്യങ്ങളിൽ, വളരെ പ്രതികൂലമായ സാഹചര്യങ്ങളിൽ........(ബഹളം)...... നിങ്ങളെപ്പോലെ തന്നെ ഞങ്ങളും തൊഴിലാളികളെ സംഘടിപ്പിച്ച് വന്നിട്ടുള്ളവർ തന്നെയാണ്. തൊഴിലാളി പ്രവർത്തനം ആരുടെയും കുത്തകയൊന്നുമല്ല. തൊഴിലാളി പ്രവർത്തനം ഞങ്ങൾക്കുമറിയാം, ഞങ്ങളും അത് നടത്തിയിട്ട് വന്നവരാണ്. അതുകൊണ്ട് നിങ്ങൾക്കുമാത്രം ഒരു കുത്തകയുമില്ല വളരെക്കാലം ഈ മേഖലയിൽ ഒരു നിയമമുണ്ടായിരുന്നില്ല. അവരുടെ സേവന-വേതന വ്യവസ്ഥകളെ സംബന്ധിച്ച് ഒരു നിയമമില്ലാതിരുന്ന കാലഘട്ടത്തിൽ ബഹുമാനപ്പെട്ട അങ്ങ് തൊഴിൽ വകുപ്പ് മന്ത്രിയായിരിക്കുമ്പോൾ 1976 ഡിസംബറിലാണ് ആദ്യമായി ചുമട്ടു തൊഴിലാളികളെ ബാധിക്കുന്ന ഒരു നിയമം കേരള നിയമസഭയിൽ അവതരിപ്പിച്ചത്. അങ്ങാണ് ആദ്യമായി അത് അവതരിപ്പിച്ചത്. അന്ന് അത് പാസ്സാക്കാൻ കഴിഞ്ഞില്ല. അതിനുശേഷം ബഹുമാനപ്പെട്ട എ. കെ. ആൻറണി മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി തൊഴിൽ വകുപ്പ് മന്ത്രിയുമായിരിക്കുമ്പോൾ 1977 ജൂലൈയിൽ ഒരു നിയമം വീണ്ടും അവതരിപ്പിക്കുകയും 1978-ലെ സെലക്ട് കമ്മിററിയുടെ റിപ്പോർട്ടോടു കൂടി നിയമസഭയിൽ ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്ത നിയമമാണ് 1978-ലെ നിയമം. 1978-ൽ നിയമം പാസ്സാക്കിയെങ്കിലും 1980-ലാണ് ഈ സുപ്രധാനമായ നിയമം നടപ്പിലാക്കാനിടയായത്. 1983-ലാണ് ഇതിൽ പ്രധാനമായും തൊഴിലാളികളുടെ ക്ഷേമത്തെ ആസ്പദമാക്കിയുള്ള നിയമം വന്നത്. അവരുടെ സേവനവും വേതനവും നിശ്ചയിക്കുന്നതിനും അവരുടെ ക്ഷേമകാര്യങ്ങൾക്കും വേണ്ടിയാണ് ഈ നിയമം കൊണ്ടുവന്നത്. അതനുസരിച്ച് കേരളത്തിൽ ഒരു ക്ഷേമപദ്ധതി നടപ്പിലാക്കി. അതാണ് കേരള ഹെഡ്ലോഡ് വർക്കേഴ്സ് വെൽഫയർ ഫണ്ട് സ്കീം. അത് കേരളത്തിൽ ഇപ്പോൾ 132 പ്രധാനപ്പെട്ട പട്ടണങ്ങളിലായി നടപ്പിലായിട്ടുണ്ട്. ആ ബില്ലിൻെറ പ്രത്യേകതയും ആ സ്കീമിൻെറ പ്രത്യേകതയും അതാണ്. തൊഴിലാളികൾ കൂട്ടമായി ജോലി ചെയ്യുന്ന ഒരു പ്രദേശത്ത് മാത്രമേ അത് നടപ്പിലാക്കാൻ കഴിയൂ. അതിൻെറ സംവിധാനം ശരിക്കും പറഞ്ഞാൽ ചുമട്ടുതൊഴിലാളികൾ ബോർഡിൻെറ തൊഴിലാളികളായിട്ടാണ് തൊഴിലെടുക്കുന്നത്. കൂലി വാങ്ങുന്നത് ബോർഡിൽ നിന്നാണ്. തൊഴിലുടമ കൂലി അടയ്ക്കുന്നത് ആ ബോർഡിലേക്കാണ്. അങ്ങനെ സംഘടിതമായി പണിയെടുക്കുന്ന സ്കീം ഏരിയായിൽ മാത്രമേ ആ നിയമം നടപ്പിലാക്കിയിട്ടുള്ളൂ. അതനുസരിച്ച് കേരളത്തിൽ ഇപ്പോൾ മുപ്പതിനായിരത്തിൽപ്പരം, 30,536 തൊഴിലാളികളാണ് അങ്ങനെ അററാച്ച്ഡ് ആയി ജോലി ചെയ്യുന്നത്. അതുകൂടാതെ 1,512 സ്കാറേറർഡ് തൊഴിലാളികൾ, അത് മറെറാരു സ്കീമാണ്. ഏതെങ്കിലുമൊരു കടയുമായി വർഷങ്ങളായി അററാച്ച് ചെയ്ത് നിൽക്കുന്ന തൊഴിലാളികൾക്ക് അവിടെ പണിയെടുക്കുന്നവർക്ക് ഒരു പ്രത്യേക സ്കീമുണ്ട്. അതു കൂടാതെ സ്കാറേറർഡ് ആയിട്ടുള്ള തൊഴിലാളികൾ അതായത് ഒരു പ്രത്യേക വിഭാഗത്തിലല്ലാതെ, അററാച്ച്ഡ് അല്ലാത്തതിനാൽ സ്കാറേറർഡ് ആയിട്ടുള്ള 75,111 തൊഴിലാളികൾക്ക് ആയി ഒരു സ്കീം നടപ്പിലാക്കി

LIBRARY ARCHIVES Kerala Legislative Assembly